ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

ആയുർവേദ മരുന്നുകളെ സംബന്ധിച്ച തെറ്റിദ്ധാരണാജനകമായ പരസ്യങ്ങൾക്കെതിരെ നടപടി

100 [1279] ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ആയുർവേദ മരുന്നുകളെ സംബന്ധിച്ച് തെറ്റിദ്ധാരണാജനകമായ പരസ്യങ്ങൾ നൽകുന്ന നിർമ്മാണ കമ്പനികൾക്കെതിരെ നടപടി എടുക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുവരെ ഈ കുറ്റത്തിന് എത്രയെല്ലാം കമ്പനികൾക്ക് എതിരെ നടപടി സ്വീകരിച്ചു;

(സി) ആയുർവേദ ഔഷധങ്ങൾ പരിശോധിക്കുന്നതിനുള്ള സംവിധാനത്തെക്കുറിച്ച് ആയുർവേദ ഉപദേശക സമിതി ചർച്ച ചെയ്ത നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തെറ്റിദ്ധാരണാജനകമായ പരസ്യങ്ങൾ 1954-ലെ ഡ്രഗ്സ് ആൻറ് മാജിക് റെമഡീസ് (ഒബ്ജക്ഷനബിൾ അഡ്വർടൈസ്മെൻറ്സ്) ആക്ട് വഴി കേന്ദ്ര സർക്കാർ നിരോധിച്ചിട്ടുണ്ട്. ഈ നിയമം കർശനമായി നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം നീല റിസർച്ച് ഫുഡ് ഉടമയ്ക്കെതിരെയും കൊച്ചിയിലെ ഷെയർ ഫാർമ എന്ന കമ്പനി ഉടമയ്ക്കെതിരെയും കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്.

(സി) പരിശോധനാ സംവിധാനം ശക്തിപ്പെടുത്താനുള്ള നടപടിയുടെ ഭാഗമായി ഉപദേശക സമിതിയുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിശോധനയിലാണ്.

ആയുർവേദ രംഗത്തെ പ്രശ്നങ്ങൾ പഠിക്കാൻ കമ്മീഷൻ

101 [1280] ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ആയുർവേദ വൈദ്യരംഗത്തെ പ്രശ്നങ്ങൾ പഠിക്കാൻ കമ്മീഷനെ നിയമിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കമ്മീഷനിലെ അംഗങ്ങൾ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) കമ്മീഷൻറെ പരിധിയിൽ വരുന്ന വിഷയങ്ങൾ എന്തൊക്കെയാണ്;

(ഡി) ഈ കമ്മീഷൻറെ കാലാവധി എത്രയാണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള സർവ്വകലാശാല മുൻ വൈസ് ചാൻസലർ ഡോ: വി. കെ. സുകുമാരൻനായരായിരുന്നു കമ്മീഷൻ.

(സി) കമ്മീഷന്റെ പരിധിയിൽ വരുന്ന വിഷയങ്ങൾ സംബന്ധിച്ച് പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) 16-8-1995 മുതൽ നാല് മാസക്കാലത്തിനുള്ളിൽ കമ്മീഷന്റെ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

കൊതുകു നശീകരണം

102 [1281] ശ്രീ. എ. യൂനസ്കുഞ്ഞ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കൊതുക് നശീകരണപ്രവർത്തനം ഊർജ്ജിതപ്പെടുത്താൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

നാഷണൽ ഹൈലേറിയ കൺട്രോൾ യൂണിറ്റിന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങളിലെ എല്ലാത്തരം ജലാശയങ്ങളിലും കീടനാശിനികൾ തളിച്ചും പരിസര ശുചിത്വം പാലിച്ചും കൊതുക് മുട്ടയിട്ട് വളരുന്നതിനുള്ള സാഹചര്യം ഇല്ലാതാക്കിയ കൊതുക് നശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

മലമ്പനി നിർമ്മാർജ്ജനത്തിന്റെ ഭാഗമായി രോഗം കണ്ടുപിടിക്കപ്പെടുന്ന വ്യക്തികളുടെ വീടുകളിലും ചുറ്റുപാടുകളിലുള്ള വീടുകളിലും ഡി. ഡി. റ്റി. തളിച്ച് കൊതുകു നശീകരണം നടത്തുന്നു. ആലപ്പുഴ, കോട്ടയം തുടങ്ങിയ ജില്ലകളിൽ ജപ്പാൻ ജ്വരം ബാധിച്ച സ്ഥലങ്ങളിൽ മലാത്തിയോൺ ഉപയോഗിച്ച് ഫോഗിംഗ് നടത്തിയും ബി. എച്ച്. ഡി. തളിച്ചും കൊതുകു നശീകരണം നടത്തുന്നു. കൊതുകു നശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിലേക്ക് സംസ്ഥാനത്തൊട്ടാകെ ആരോഗ്യവിദ്യാഭ്യാസ ക്ലാസുകൾ നടത്തുന്നുണ്ട്. സംസ്ഥാന തലത്തിൽ ആരോഗ്യവകുപ്പു ഡയറക്ടറേറ്റിൽ കൊതുകു നശീകരണത്തിന് സാങ്കേതിക ഉപദേശം നൽകുന്നതിന് ഒരു സെൽ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ഇപ്പോൾ സംസ്ഥാന തലത്തിൽ കൊതുകു നശീകരണത്തിന് ഒരു തീവ്രയത്ന പരിപാടി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിലേക്ക് രണ്ടുകോടി രൂപ അനുവദിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സർക്കാർ വകുപ്പുകളുടെയും പൂർണ്ണ പങ്കാളിത്തത്തോടെയാണ് ഈ തീവ്രയത്ന പരിപാടി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഈ പരിപാടി അനുസരിച്ചുള്ള പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന് മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും സെക്രട്ടറിമാരും ഉൾപ്പെടുന്ന ഒരു കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

[13-3-1996-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 101 (1280) കാണുക]

ആരോഗ്യ കുടുംബക്ഷേമ (ഡി) വകുപ്പ്

സർക്കാർ ഉത്തരവ് (എം. എസ്) 422/95/ആ.കു.വ. തിരുവനന്തപുരം, തീയതി: 16-8-1995

സംഗ്രഹം.—ആയുർവേദം—കേരളത്തിലെ ആയുർവേദ ചികിത്സാരംഗത്തെ പ്രശ്നങ്ങൾ വിലയിരുത്തി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് കമ്മീഷനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

കേരളത്തിലെ ആയുർവേദ വിദ്യാഭ്യാസം, പ്രാക്ടീസ്, ഗവേഷണം, മരുന്നുകളുടെ ഉൽപ്പാദനം, വിതരണം, ഗുണനിലവാരം നിലനിറുത്തൽ, പ്രചരണം, നിയമനിർമ്മാണം മുതലായ കാര്യങ്ങളെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കേരള സർവ്വകലാശാല മുൻവൈസ്ചാൻസലർ ഡോ. വി. കെ. സുകുമാരൻ നായരെ ഏകാംഗ കമ്മീഷനായി നിയമിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

താഴെ പറയുന്ന കാര്യങ്ങളാണ് കമ്മീഷന്റെ അന്വേഷണ പരിധിയിൽ വരുന്നത്:

1. ആയുർവേദ വൈദ്യശാസ്ത്ര ശാഖയിലെ വിദ്യാഭ്യാസം (ബിരുദ—ബിരുദാനന്തര പഠനം, ഉന്നതപഠനം, പരിശീലനം, പാരാമെഡിക്കൽ വിദ്യാഭ്യാസം ഉൾപ്പെടെ), ചികിത്സ (സർക്കാർ തലത്തിലുള്ള ചികിത്സാ—സേവനരംഗം, സ്വകാര്യ ചികിത്സാരംഗം, പ്രത്യേക ചികിത്സാ സങ്കേതങ്ങൾ ഉൾപ്പെടെ), ഗവേഷണം (അടിസ്ഥാനപരവും പ്രയോഗപരവും, പുറമെ പ്രസിദ്ധീകരണവും), ഔഷധങ്ങൾ (നിർമ്മാണം, ഗുണനിലവാരം, വിതരണവും വിപണനവും), പ്രചാരം (ആയുർവേദത്തിന്റെ സാദ്ധ്യതകളെയും സവിശേഷതകളെയും സംബന്ധിച്ച് ബോധവത്ക്കരണവും പ്രസിദ്ധീകരണങ്ങളും) എന്നീ മേഖലകളിലെ ഇന്നത്തെ അവസ്ഥയും അവയുടെ ചരിത്രപശ്ചാത്തലവും വിലയിരുത്തി, ഈ സംസ്ഥാനത്തിന്റെ സാഹചര്യങ്ങൾക്കനുസൃതമായി, ആയുർവേദത്തിന്റെ സമഗ്രമായ വളർച്ചയ്ക്കും വികസനത്തിനും വേണ്ടുന്ന ശുപാർശകൾ സമർപ്പിക്കുക.

2. ആയുർവേദ വൈദ്യശാസ്ത്രരംഗത്തെ വിവിധ മേഖലകളിൽ ഇന്നുള്ള പ്രശ്നങ്ങളും പ്രതിബന്ധങ്ങളും, വസ്തുനിഷ്ഠമായി വിലയിരുത്തി, അവ പരിഹരിക്കുന്നതിന് ഇന്ന് നിലവിലുള്ള സംവിധാനത്തിന്റെയോ സമ്പ്രദായത്തിന്റെയോ ഘടനയിലോ പ്രവർത്തന രീതിയിലോ വരുത്തേണ്ടുന്ന മാറ്റങ്ങൾ എന്തെല്ലാമെന്ന് നിർദ്ദേശിക്കുക.

3. സമർപ്പിക്കപ്പെടുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ പുതുതായി നിയമനിർമ്മാണങ്ങൾ നടത്തേണ്ടതുണ്ടെങ്കിലോ നിലവിലുള്ള നിയമങ്ങളിലോ ചട്ടങ്ങളിലോ ഭേദഗതികൾ ആവശ്യമുണ്ടെങ്കിലോ അവ

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV—(തുടർച്ച)

ഏതെല്ലാമാണെന്ന് നിശ്ചയിക്കുകയും അതിൽ ഉൾപ്പെടുത്തേണ്ട വിഷയങ്ങളും സ്വീകരിക്കേണ്ട അടിസ്ഥാന തത്വങ്ങളും എന്തെല്ലാമെന്ന് നിർദ്ദേശിക്കുക.

4. സമർപ്പിക്കപ്പെടുന്ന ഓരോ ശുപാർശയും നടപ്പിലാക്കുവാൻ വേണ്ടിവരുന്ന സാമ്പത്തിക ബാദ്ധ്യത എത്രയെന്നും അതിനുള്ള വിഭവ സമാഹരണം (കേന്ദ്ര സംസ്ഥാന പദ്ധതി വിഹിതങ്ങൾ മറ്റ് ഏജൻസികളിൽനിന്നോ/മാർഗ്ഗങ്ങളിൽ നിന്നോ സ്വരൂപിക്കുവാൻ കഴിയുന്നവ) എങ്ങനെ കണ്ടെത്താമെന്നും നിർദ്ദേശിക്കുക.

5. ശുപാർശകളിൽ സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സമിതികൾ, സംഘടനകൾ, ബാങ്കുകൾ/ധനകാര്യ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകാര്യ ആയുർവേദ സ്ഥാപനങ്ങൾ തുടങ്ങിയവ വെവ്വേറെയും സംയുക്തമായും നടപ്പിലാക്കേണ്ടവ ഏതെല്ലാമെന്ന് വ്യക്തമാക്കേണ്ടതാണ്.

6. സമർപ്പിക്കപ്പെടുന്ന ശുപാർശകൾ/നിർദ്ദേശങ്ങളിൽ അടിയന്തിരമായി നടപ്പിലാക്കേണ്ടവ, സാവകാശം നടപ്പിലാക്കേണ്ടവ ഏതെല്ലാമാണെന്ന് വേർതിരിക്കേണ്ടതാണ്. വികസനപദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ടെങ്കിൽ അവയിൽ ഹ്രസ്വകാലപദ്ധതികൾ ഏതെന്നും ദീർഘകാല പദ്ധതികൾ ഏതെന്നും വേർതിരിക്കേണ്ടതാകുന്നു.

കമ്മീഷൻ റിപ്പോർട്ട് നാലുമാസത്തിനുള്ളിൽ സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

ഗവർണ്ണരുടെ ഉത്തരവിൻ പ്രകാരം,

ഗോപാൽകൃഷ്ണപിള്ള,
സെക്രട്ടറി.

അനുബന്ധം V

[13-3-1996-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 129 (1308) കാണുക]

തിരുവനന്തപുരം ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയുടെ പ്രത്യേക വികസനത്തിനായി 35 (മുപ്പത്തിയഞ്ച്) ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

താഴെപ്പറയുന്ന വികസന പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്:

1. 1·67 കെ.വി.എ. ജനറേറ്റർ സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കായി അഞ്ചു ലക്ഷം രൂപ നൽകിയിട്ടുണ്ട്.

2. സെപ്റ്റിക് ലേബർ റൂം, അമ്മമാർക്കുള്ള ഐ. സി. യൂണിറ്റ് എന്നിവയുടെ പുനരുദ്ധാരണത്തിനായി നാലു ലക്ഷം രൂപ പി.ഡബ്ലിയു.ഡി.-ക്ക് നൽകിയിട്ടുണ്ട്. കൂടാതെ നാല് ലക്ഷം രൂപ യന്ത്രസാമഗ്രികൾ വാങ്ങാനും ചെലവാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly